# ടി. ഇസ്ഹാഖലി മൗലവി

കേരളത്തിലെ ഇസ്ലാമിക പണ്ഡിതരിൽ തലയെടുപ്പുള്ള വ്യക്തിത്വമായിരുന്നു മർഹൂം ടി. ഇസ്ഹാഖലി മൗലവി. വാഴക്കാട് ദാറുൽഉലൂമിന്റെ സന്തതികളിലൊരാളായിരുന്ന അദ്ദേഹം പിൽക്കാലത്ത് ജമാഅത്തെ ഇസ്ലാമിയുടെ കേരളത്തിലെ പ്രമുഖ നേതാക്കളിലൊരാളായിത്തീർന്നു.

മലപ്പുറം ജില്ലയിലെ വളാഞ്ചേരി സ്വദേശിയായ മൗലവിയുടെ ജനനം 1925-ലാണ്. സ്വദേശത്തെ പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം പതിനെട്ടാമത്തെ വയസ്സിൽ അദ്ദേഹം വാഴക്കാട് ദാറുൽ ഉലൂമിൽ വിദ്യാർഥിയായി ചേർന്നു. ദാറുൽ ഉലൂം അന്ന് കേരളത്തിലെ പ്രഗത്ഭപണ്ഡിതന്മാരായിരുന്ന എം.സി.സി സഹോദരന്മാരുടെ കൈയിലായിരുന്നു. 1946-ൽ എം.സി.സിമാർ ദാറുൽ ഉലൂം വിട്ട് തിരൂരങ്ങാടി തറമ്മൽ പള്ളിയിൽ ചേക്കേറിയപ്പോൾ മൗലവിയും കൂടെയുണ്ടായിരുന്നു. തറമ്മൽപള്ളിയിലെ ക്ലാസ് പിന്നീട് പുളിക്കൽ മദീനത്തുൽഉലൂം കോളേജ് സ്ഥാപിച്ച് അങ്ങോട്ടു മാറ്റിയപ്പോൾ അവിടെയും അദ്ദേഹമുണ്ടായിരുന്നു. പഠനത്തിൽ എന്നും മുമ്പിലായിരുന്ന അദ്ദേഹം പക്ഷേ, മദീനത്തുൽ ഉലൂമിൽ അധികകാലം തുടർന്നില്ല.

വിദ്യാർഥിയായിരിക്കുമ്പോൾ തന്നെ ജമാഅത്തെ ഇസ്ലാമിയുമായി ബന്ധപ്പെട്ടിരുന്ന അദ്ദേഹം പഠനം അവസാനിപ്പിച്ചപ്പോൾ പ്രസ്ഥാനപ്രവർത്തനത്തിനു വേണ്ടി മുന്നിട്ടിറങ്ങുകയായിരുന്നു. അധ്യാപകൻ, എഴുത്തുകാരൻ, പണ്ഡിതൻ, പ്രവർത്തകൻ എന്നീ നിലകളിലെല്ലാം പ്രസ്ഥാനത്തെ സേവിക്കുകയുണ്ടായി അദ്ദേഹം. അമ്പതുകളിൽ ഹാജിസാഹിബ് മുൻകൈയെടുത്ത് രൂപംനൽകിയ പണ്ഡിത സഭയിൽ അദ്ദേഹം അംഗമായിരുന്നു. കുറ്റ്യാടി ഇസ്ലാമിയാകോളേജ്, ചേന്ദമംഗല്ലൂർ അൽമദ്റസത്തുൽ ഇസ്ലാമിയ്യ, എടവനക്കാട് ഇർശാദുൽ മുസ്ലിമീൻ എന്നീ സ്ഥാപനങ്ങൾ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന മൗലവി ഏറ്റവും കൂടുതൽ കാലം അധ്യാപനവൃത്തി നടത്തിയത് ശാന്തപുരം ഇസ്ലാമിയാ കോളേജിലാണ്.

സ്വന്തമായി ഗ്രന്ഥങ്ങളെഴുതിയ ഇസ്ഹാഖലി മൗലവി ജമാഅത്തിന്റെ പ്രസിദ്ധീകരണവിഭാഗം മേധാവിയായിരുന്നു. ജമാഅത്തിന്റെ കേരള ശൂറാ അംഗവും കേന്ദ്ര പ്രതിനിധിസഭാംഗവുമായിരുന്നു. ഖുർആൻ, ഹദീസ്, ഫിഖ്ഹ് എന്നിവയിൽ അവഗാഹം നേടിയ അദ്ദേഹം *പ്രബോധന*ത്തിലെ 'പ്രശ്നവും വീക്ഷണവും' പംക്തി കൈകാര്യം ചെയ്തു. 1985-ൽ മൗലവി മരണമടഞ്ഞു.